**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **14-03-2022 - ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | എ) ഉണ്ട്; തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ സേവന വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ദിവസവേതന നിരക്കിൽ 52/- രൂപയുടെ വർദ്ധനവ് വരുത്തി 01.01.2019 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | ബി) 2013 -ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം, മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് (11.01.2021-ന്മുമ്പ് മരണപ്പെട്ട പോയ തൊഴിലാളികളുടെ ആശ്രിതർക്ക് 25,000/- രൂപയും, അതിന് ശേഷം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും) ധനസഹായം നൽകി വരുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 1951 -ലെ പ്ലാന്റേഷൻ ലേബർ ആക്റ്റ് & റൂൾസ് പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും, സൗകര്യങ്ങളും നടപ്പിലാവാത്തതിനാൽ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ച് വരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം,സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും നൽകുന്നുണ്ട്; കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് |

| | | | |
|---|---|---|---|
| | | | എക്സ്ഗ്രേഷ്യ വിതരണത്തിന് പുറമേ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകി വരുന്നു. കോവിഡ് 19 മായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്ന് പ്രവർത്തിക്കുന്നതും. പൂട്ടികിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെ തൊഴിലാളികൾക്കും, ചെറുകിട തോട്ടം തൊഴിലാളികൾക്കും 1,000/- രൂപ വീതം രണ്ട് ഘട്ടങ്ങളിലായി ധനസഹായം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ